പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : **2510** **09/03/2017**-ൽ മറുപടിയ്ക്ക്

## വനവൽക്കരണം നടത്തുന്ന സന്നദ്ധസേവകർക്ക് സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി |
| എ) വനവൽക്കരണം നടത്തുന്നതിന് തയ്യാറാകുന്ന സന്നദ്ധസേവകർക്ക് എന്തെങ്കിലും തരത്തിലുള്ള സഹായം നല്കിവരുന്നുണ്ടോ; | എ) വന വൽക്കരണം നടത്തുന്നതിന് തയ്യാറാകുന്ന സന്നദ്ധസേവകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. |
| ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമായ കൊടികുത്തിമല പ്രദേശത്ത് വനവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; | ബി) ഇല്ല |
| സി) പ്രസ്തുത പ്രദേശത്ത് വനവൽക്കരണം നടത്തുന്നതിന് ആവശ്യമായ സഹായം അഭ്യർത്ഥിച്ചുകൊണ്ട് പി.ടി.എം.എച്ച്.എസ്.എസ് താഴേക്കോട് സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റ് സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | സി) ഉണ്ട്. ടി അപേക്ഷ മലപ്പുറം (സോഷ്യൽ ഫോറസ്റ്റി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് തുടർ നടപടികൾക്കായി നൽകിയിട്ടുണ്ട്. എൻ.എസ്.എസ് വോളണ്ടിയർമാരെക്കൂടി ഉൾപ്പെടുത്തി കൊടികുത്തിമല പ്രദേശത്ത് വരുന്ന മാസങ്ങളിൽ വനവൽക്കരണം നടപ്പിലാക്കുന്നതാണ്. |
| ഡി) ഇത്തരത്തിൽ വനവൽക്കരണം നടത്തുന്നതിന് തയ്യാറായി വരുന്ന സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് സന്നദ്ധമാകുമോയെന്ന് അറിയിക്കുമോ? | ഡി) വനവൽക്കരണം നടത്തുന്നതിന് തയ്യാറായിവരുന്ന സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായവും മാർഗ്ഗനിർദ്ദേശവും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ